(ബി) പ്രസ്തുത മൃഗാശുപത്രിയിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു. ജില്ലയിലെ സെൻട്രൽ വെറ്ററിനറി സ്റ്റോർ മുഖേന ആവശ്യത്തിനുള്ള മരുന്നുകൾ നൽകിവരുന്നു. കൂടാതെ ചാലക്കുടി നഗരസഭയുടെ ഫണ്ട് ഉപയോഗപ്പെടുത്തിയും മരുന്ന് വാങ്ങുന്നുണ്ട്.

കൊരട്ടി മൃഗാശുപത്രിക്ക് പുതിയ കെട്ടിടം

346(1331) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി മൃഗാശുപത്രിയുടെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മൃഗാശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്. പ്രസ്തുത മൃഗാശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലാണ്.

(ബി) കൊരട്ടി മൃഗാശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൊരട്ടി മൃഗാശുപത്രിയെ പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറി അപ്ഗ്രഡേഷൻ

347(1332) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറി, മേഖല ലബോറട്ടറി ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പറവട്ടാനി ക്ലിനിക്കൽ ലബോറട്ടറിയെ ജില്ലാ ലബോറട്ടറി ആക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly